LIBRARY ARCHIVES Kerala Legislative Assembly

ഹരിജൻകാളനികളിൽ ജലദൗർലഭ്യം

* 249 [904] ശ്രീ. കെ. ജി. കുഞ്ഞുകൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഹരിജനക്ഷേമവും മന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹരിജൻ കാളനികളിൽ പലതിലും കിണർ ഇല്ലാത്തതു നിമിത്തം വെള്ളം ലഭിക്കാൻ സാധിക്കാതിരിക്കുന്ന വിവരം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിൻമേൽ എന്തു നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(സി) നെടുമങ്ങാട് കരിങ്ങ കാളനി, പേരുമല കാളനി എന്നിവിടങ്ങളിൽ കിണറു കുഴിപ്പിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ?

റവന്യൂ മന്ത്രി (ശ്രീമതി കെ. ആർ. ഗൗരി) :

(എ to സി) വിവരം ശേഖരിച്ചുവരുന്നു.

ശ്രീ. കെ. ജി. കുഞ്ഞുകൃഷ്ണപിള്ള : സർ, ഇതിൽ....

ഡെപ്യൂട്ടി സ്പീക്കർ : ആർഡർ, ആർഡർ, വിവരം ശേഖരിച്ചു വരുന്നു എന്നു പറഞ്ഞാൽ പിന്നെ എന്ത് ഉപചോദ്യമാണ് ?

ശ്രീ. കെ. കരുണാകരൻ : സർ, (എ) യിൽ ചോദിച്ചിരിക്കുന്നത് ഹരിജൻ കാളനികളിൽ പലതിലും കിണറില്ലാത്തതുനിമിത്തം വെള്ളം ലഭിക്കാൻ സാധിക്കാതിരിക്കുന്ന വിവരം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നാണ്. (സി) യിൽ രണ്ടു സ്ഥലത്തിന്റെ കാര്യമേ ചോദിച്ചിട്ടുള്ളൂ.

ശ്രീമതി കെ. ആർ. ഗൗരി : സർ, ഒരു വിവരവും ഈ ഫയലിൽ ഇല്ല. ഞാൻ എഴുനേറ്റുനിന്ന് എനിക്കറിയാവുന്ന വിവരം പറഞ്ഞാൽ പറ്റുകയില്ല.

ഓണാഘോഷം പ്രമാണിച്ച് ഗവൺമെൻറിനുണ്ടായ ചെലവ്

* 250 [905] ശ്രീ. പി. പി. വിൽസൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു മന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓണാഘോഷം പ്രമാണിച്ച് സംസ്ഥാന ഗവൺമെൻറിന് നടപ്പുവർഷം എന്തു ചെലവു വന്നിട്ടുണ്ട് ;

(ബി) അവ ഏതെല്ലാം ഇനങ്ങളിൽ ;

(സി) ആർക്കെല്ലാം തൽസംബന്ധമായി പണം കൊടുത്തിട്ടുണ്ട് ;

(ഡി) എത്രവീതം എന്നതിനെ സംബന്ധിച്ചുള്ള വിശദമായ കണക്ക് മേശപ്പുറത്തുവയ്ക്കാമോ ?

മരാമത്തുമന്ത്രി (ശ്രീ. ടി. കെ. ദിവാകരൻ):

(എ, ബി, സി, ഡി) ഇക്കൊല്ലം ഓണത്തോടനുബന്ധിച്ച് അന്തർദ്ദേശീയ ടൂറിസ്റ്റ് വാരം കൊണ്ടാടിയതിന്, ഇതുവരെ കിട്ടിയിട്ടുള്ള കണക്കുകളനുസരിച്ച് 36,400 രൂപ താഴെ പറയുന്ന ഇനങ്ങളിൽ ചെലവായിട്ടുണ്ട്.

1. തൃപ്പൂണിത്തുറ അത്താഘോഷക്കമ്മിറ്റിക്ക് ഗ്രാൻറായി 1,000 രൂപ

2. എറണാകുളം ഗസ്റ്റ്ഹൗസിലും ബോംഗാട്ടിയിലും അന്തർദ്ദേശീയ ടൂറിസ്റ്റ്വാരാഘോഷം സംബന്ധിച്ച് വൈദ്യുത ദീപാലങ്കാരങ്ങൾക്കായി 1,000 രൂപ.

3. തിരുവനന്തപുരം അന്തർദ്ദേശീയ ടൂറിസ്റ്റുവാരാഘോഷക്കമ്മിറ്റിക്ക് ഗ്രാൻറായി 10,000 രൂപ.

4. കൊച്ചിൻ അന്തർദ്ദേശീയ ടൂറിസ്റ്റുവാരാഘോഷക്കമ്മിറ്റിക്ക് ഗ്രാൻറായി 5,000 രൂപ.

5. തിരുവനന്തപുരത്തെ സർക്കാരാഫീസുകളും മുതലായവയിലെ വൈദ്യുത ദീപാലങ്കാരത്തിന് 19,400 രൂപ.

30-8-1969-ൽ തിരുവനന്തപുരത്ത് സംഘടിപ്പിച്ച ഘോഷയാത്രയ്ക്കു ചെലവായ തുകയുടെ വിശദവിവരങ്ങൾ കിട്ടിയിട്ടില്ല.

ശ്രീ. ടി. എ. മജീദ് : വിദേശ ടൂറിസ്റ്റുകൾ ഇക്കാലത്ത് ഇവിടെ വന്നതിന്റെ ഫലമായിട്ട് നമുക്ക് എന്തു വരുമാനമുണ്ടായിട്ടുണ്ട് എന്നു പറയാൻ ദയവുണ്ടാകുമോ ?

ശ്രീ. ടി. കെ. ദിവാകരൻ : അത് പ്രത്യേകമായി തീർച്ചപ്പെടുത്താൻ കഴിയുന്നതല്ല.

ശ്രീ. പി. എം. അബൂബേക്കർ : ഈ ആഘോഷങ്ങൾ കേരളത്തിന്റെ തെക്കുഭാഗത്തുമാത്രമായി പരിമിതപ്പെടുത്താൻ കാരണമെന്താണ് ; വടക്കൻ പ്രദേശങ്ങളെ ഒഴിവാക്കിയത് എന്തുകൊണ്ട് ?

ശ്രീ. ടി. കെ. ദിവാകരൻ : ഏതാനും വർഷം മുൻപ്, ഓണക്കാലം ടൂറിസ്റ്റ്വാരമായി ആഘോഷിക്കണമെന്ന് ഗവൺമെൻറ് തീരുമാനമെടുക്കുകയും തീരുമാനമെടുത്തശേഷം മൂന്നുനാലു വർഷമായി ആഘോഷം തുടർന്നുകൊണ്ടുപോരുന്നതിന് പല കാരണങ്ങളാൽ ഗവൺമെൻറു തലത്തിൽ കഴിയാതെയും വന്നു. ഈ കൊല്ലം അവസാന ഘട്ടത്തിൽ, ഓണത്തിന് ഒരുമാസം മാത്രമുള്ളപ്പോൾ, മാത്രമാണ് ഈ ആഘോഷം വീണ്ടും ആരംഭിക്കണമെന്ന് ഗവൺമെൻറു തീരുമാനിച്ചത്. അതനുസരിച്ച് തിരുവനന്തപുരത്തും എറണാകുളത്തും അനൗദ്യോഗിക അംഗങ്ങളുടെയും മറ്റു സംഘടനകളുടെയും സഹകരണത്തോടുകൂടി ആഘോഷിക്കണമെന്നാണ് നിശ്ചയിച്ചത്. ഈ വർഷത്തെ ആഘോഷങ്ങൾക്കു ലഭിച്ചിട്ടുള്ള സ്വീകരണത്തിന്റെ അടിസ്ഥാനത്തിൽ, പഴയപോലെ ആഘോഷം പുനരാരംഭിക്കണമെന്ന് ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ട്. ആ സ്ഥിതിക്ക് ഇനിയുള്ള വർഷങ്ങളിൽ കാലേക്കൂട്ടി തീരുമാനമെടുക്കുന്നതാണ്.

ശ്രീ. ആർ. കൃഷ്ണൻ (പാലക്കാട്): ഘോഷയാത്രയുടെ ചെലവ് ഓണാഘോഷക്കമ്മിറ്റിയാണോ ഗവൺമെൻറാണോ വഹിച്ചത് ?

ശ്രീ. ടി. കെ. ദിവാകരൻ : സെക്രട്ടേറിയറ്റു തലത്തിൽ തുക ചെലവായിട്ടില്ല. ഘോഷയാത്രയിലെ ഓരോ ഇനവും സംഘടിപ്പിച്ച ഡിപ്പാർട്ടുമെൻറുകൾക്ക് തുക ചെലവായിട്ടുണ്ട്. ഓരോ ഡിപ്പാർട്ടുമെൻറും എന്തു തുക ചെലവാക്കിയിട്ടുണ്ടെന്നുള്ള വിവരം കിട്ടിയിട്ടില്ല.

ശ്രീ. പി. ഉണ്ണികൃഷ്ണപിള്ള : ഓണം ആഘോഷിക്കുന്നത് സാധാരണ അത്ര അനുകൂലമല്ലാത്ത കാലാവസ്ഥയുള്ള സമയത്താണ്. അതുകൊണ്ട് വിഷുകൂടി ഒരു ദേശീയോൽസവമായി ആഘോഷിക്കുന്നതിനും അതിനോടനുബന്ധിച്ച് ടൂറിസ്റ്റ്വാരം ആഘോഷിക്കുന്നതിനും തയ്യാറാകുമോ ? മലമ്പാർ.....

LIBRARY ARCHIVES Kerala Legislative Assembly

ഡപ്യൂട്ടി സ്പീക്കർ : ആർഡർ, ആർഡർ. ഇത് ഓണാഘോഷത്തിന്റെ ചെലവുകളെപ്പറ്റിയുള്ള ചോദ്യമാണ്.

ശ്രീ. ഒ. കോരൻ : ശ്രീ. അബൂബേക്കറുടെ ചോദ്യത്തിന്, കേരളത്തിലെ തെക്കു ഭാഗങ്ങൾക്കു പ്രാധാന്യം നൽകിയതായി ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. ബോട്ട്റെയ്സ് പോലുള്ള ആഘോഷങ്ങൾ തൃശ്ശൂർ പ്രദേശങ്ങളിലേ ഉള്ളൂ. അവർക്കു സാമ്പത്തികസഹായം കിട്ടുന്നില്ലെന്നുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഓണാഘോഷം നടത്തുന്ന അവസരത്തിൽ അവർക്കു സാമ്പത്തികസഹായം നൽകുമോ ?

ശ്രീ. ടി. കെ. ദിവാകരൻ : ഇതിന് ഉത്തരം പറഞ്ഞുകഴിഞ്ഞതാണ്. ഏതാനും വർഷം മുൻപ് ഗവൺമെന്റ് ഓണാഘോഷം ആരംഭിച്ചശേഷം മിക്കവാറും നടന്നുവന്നത് അനൗദ്യോഗിക സംഘടനകളുടെ ചെലവിലും സഹകരണത്തിലും അങ്ങിങ്ങു ചില പരിപാടികൾ മാത്രമായിട്ടാണ്. ഗവൺമെന്റുതലത്തിൽ എല്ലാ ജില്ലകളിലും ആഘോഷപരിപാടികൾ സംഘടിപ്പിക്കുന്നതിന് ഗവൺമെന്റ് ഇനി മുൻകൈയെടുത്തു പ്രവർത്തിക്കുന്നതാണ്.

ശ്രീ. സി. കെ. രാജൻ : ഓണാഘോഷപരിപാടികൾ ഫിലിംചെയ്തു മറ്റു സംസ്ഥാനങ്ങളിൽ പ്രദർശിപ്പിക്കാൻ നടപടിയെടുത്തിരുന്നോ ?

ശ്രീ. ടി. കെ. ദിവാകരൻ : ഓണാഘോഷപരിപാടികൾ പ്രത്യേകമായി ഫിലിംചെയ്യുന്നതിന് സ്റേറാറ്തലത്തിൽ ഏർപ്പാടുചെയ്തിരുന്നില്ല. ഇൻഡ്യാ ഗവൺമെന്റിന്റെ ടൂറിസ്റു ഡിപ്പാർട്ടുമെന്റും ടെലിവിഷൻ സംഘടനകളും ഇക്കാര്യത്തിൽ സഹകരിക്കണമെന്ന് എഴുതുകയും അവർ സഹകരിക്കുകയും ചെയ്തിട്ടുണ്ട്.

ശ്രീ. കെ. കെ. അബു: തെക്കൻഭാഗത്തുമാത്രമായി ഓണാഘോഷം നിയന്ത്രിച്ചാൽ ഉത്തരകേരളത്തിൽ മാവേലി വരികയില്ലെന്ന് ഗവൺമെന്റ് കരുതുന്നുണ്ടോ ?

ശ്രീ. ടി. കെ. ദിവാകരൻ : മാവേലി വരുന്നുവെന്നുള്ളതിന്റെ അടിസ്ഥാനത്തിലുള്ള ആഘോഷമല്ല ഇത്. ഓണം കേരളത്തെ സംബന്ധിച്ചിടത്തോളം ഉൽസാഹത്തിന്റെയും ഉൽസവത്തിന്റെയും അനുഭൂതികൾ ഉള്ള ഒരു കാലമാണ്. ആ അവസരം ടൂറിസ്റുകളെ ആകർഷിക്കുന്നതിനുള്ള വാരമായി ആഘോഷിക്കുന്നതു സമുചിതമായിരിക്കുമെന്നു കരുതി അങ്ങനെ ആഘോഷിക്കുകയാണ്. മാവേലിയും ഈ ആഘോഷവുമായി യാതൊരു ബന്ധവുമില്ല.

ശ്രീ. വി. വി. ദക്ഷിണാമൂർത്തി : ഓണാഘോഷം സംബന്ധിച്ച് ടൂറിസ്റുകളെ ആകർഷിക്കുന്നതിന് ഉത്തരേന്ത്യയിലും വിദേശങ്ങളിലും പ്രചരണം നടത്തുന്നതിന് ഇന്ന് എന്തെല്ലാം ഏർപ്പാടുകൾ ഉണ്ട് ; അവ വിപുലപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. ടി. കെ. ദിവാകരൻ : ആരംഭത്തിൽ ഈ ആഘോഷം നടന്നതിന്റെ ഫലമായി, ഇൻറർനാഷണൽ ടൂറിസ്റു കലണ്ടറിൽ ഓണം സ്ഥാനം പിടിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഈ ആഘോഷത്തിന് രണ്ടുമൂന്നു വർഷമായി ഉണ്ടായിരുന്ന മാന്ദ്യം മൂലം മുൻകൂട്ടി പ്രസിദ്ധീകരണം നൽകാൻ കഴിഞ്ഞിട്ടില്ല. ഇൻറർനാഷണൽ ടൂറിസ്റു കലണ്ടറിൽനിന്ന് ഓണം പോകുമെന്നുള്ള നില വന്നപ്പോഴാണ് വീണ്ടും ഇതു നടത്തണമെന്നു തീരുമാനിച്ചത്. ഇനിമേൽ മുൻകൂട്ടിയുള്ള പ്രചരണങ്ങൾ നടത്തുന്നതിന് ഗവൺമെന്റ് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. മൊയ്തീൻകുട്ടിഹാജി : ഓണാഘോഷം സംഘടിപ്പിക്കുന്നതിന് ഗവൺമെന്റു തലത്തിൽ വല്ല കമ്മിറ്റിയുമുണ്ടോ ; ആരാണ് അതിന്റെ ചാർജ് വഹിക്കുന്നത് ; അതിന്റെ കണ്ണിക്കുകയും ഉണ്ടോ ?

ശ്രീ. ടി. കെ. ദിവാകരൻ : ഗവൺമെന്റു തലത്തിൽ പ്രത്യേകമായി കമ്മിറ്റിയൊന്നും ഉണ്ടായിരുന്നില്ല. ആഘോഷത്തിന് അതാതു സ്ഥലത്തെ ഔദ്യോഗികാംഗങ്ങളെയും ചില സംഘടനകളെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള കമ്മിറ്റികളാണ് സംഘടിപ്പിച്ചിട്ടുള്ളത്. ആ കമ്മിറ്റികളുടെ കൺവീനർമാർ ഗവൺമെന്റുദ്യോഗസ്ഥൻമാരായിരുന്നു. ഗവൺമെന്റുതലത്തിൽ നേരിട്ടു ചെയ്തിട്ടുള്ള പരിപാടികളെപ്പറ്റിയാണ് നേരത്തെ സൂചിപ്പിച്ചിട്ടുള്ളത്. അനൗദ്യോഗിക സംഘടനകളുടെ സഹായത്തോടെ പരിപാടികളും നടത്തുന്നതിനു ശ്രമിച്ചിട്ടുണ്ട്.

ശ്രീ. പി. എൻ. ചന്ദ്രസേനൻ : ആറൻമുള വള്ളംകളിക്ക് സ്പെഷ്യൽ ഗ്രാന്റ് കൊടുത്തില്ലെങ്കിൽ ചുണ്ടൻവള്ളങ്ങൾ നശിച്ചുപോകാനിടയുണ്ട് എന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; അതിന്റെ അടിസ്ഥാനത്തിൽ സ്പെഷ്യൽ ഗ്രാന്റ് കൊടുക്കാൻ നടപടിയെടുക്കുമോ ?

ശ്രീ. ടി. കെ. ദിവാകരൻ : ചുണ്ടൻവള്ളത്തിന്റെ മെയിന്റനൻസിനു വലിയ ചെലവുണ്ടെന്നു ഗവൺമെന്റിനു ബോദ്ധ്യമുണ്ട്. കരക്കാരുടെ വകയായിട്ടാണ് ഇപ്പോഴും ചുണ്ടൻവള്ളങ്ങൾ സംരക്ഷിച്ചുവരുന്നത്. അതുകൊണ്ട് ചുണ്ടൻവള്ളങ്ങളുടെ സംരക്ഷണത്തിനു ധനസഹായം നൽകുന്നതിനെപ്പറ്റി ഗവൺമെന്റ് ഇതുവരെ ആലോചിച്ചിട്ടില്ല.

ശ്രീ. പന്തളം പി. ആർ. മാധവൻ പിള്ള : ആറൻമുള വള്ളംകളിക്ക് ധനസഹായം ചെയ്തിട്ടുണ്ടോ ?

ശ്രീ. ടി. കെ. ദിവാകരൻ : ഇത് ഓണാഘോഷവുമായി ബന്ധമില്ലാത്തതാണ്. ആണ്ടുതോറും നടന്നുവരുന്ന ഒരു ജലോൽസവമെന്ന നിലയിൽ പഴയ കാലം മുതലേ ഗ്രാന്റു നൽകിവരുന്നുണ്ട്. തുക എത്രയാണെന്നറിഞ്ഞുകൂടാ.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : ഓണാഘോഷം ആരംഭിക്കുന്നതുതന്നെ തൃപ്പൂണിത്തുറയിലെ അത്തച്ചമയ ആഘോഷത്തോടുകൂടിയാണ്. അതുകൊണ്ട് അത്തച്ചമയംതൊട്ട് ഓണംവരെ ഇത്തരം അനൗദ്യോഗിക സംഘടനകളുടെ നേതൃത്വത്തിൽ കേരളവ്യാപകമായി ആഘോഷം നടത്തുവാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. ടി. കെ. ദിവാകരൻ : അടുത്തവർഷംമുതൽ മുൻകൂട്ടി വേണ്ട നടപടികളും എടുക്കുന്നതാണ്. വളരെ സ്വാഗതാർഹമായ നിർദ്ദേശമാണ് ബഹുമാനപ്പെട്ട മെമ്പറുടേത്.

ശ്രീ. എൻ. കെ. ശേഷൻ : ചുണ്ടൻവള്ളങ്ങളുടെ പരിരക്ഷണത്തിന് സർക്കാർ യാതൊരു ഗ്രാന്റും നൽകുന്നില്ലെന്നു പറയുകയുണ്ടായി. ഹരിപ്പാട് ചുണ്ടൻവള്ളങ്ങൾ പുതിയതായി നിർമ്മിക്കുന്നതിനു ഒരു കമ്മിറ്റിയുണ്ടാക്കി പ്രവർത്തിക്കുന്നുണ്ട്. അവരുടെ അപേക്ഷ വന്നാൽ ധനസഹായം ചെയ്യുമോ ?

ശ്രീ. ടി. കെ. ദിവാകരൻ : പ്രാദേശികമായ ഉൽസാഹത്തിന്റെ ഫലമായിട്ടാണ് ചുണ്ടൻവള്ളങ്ങൾ ഇതുവരെ ഉണ്ടാക്കുകയും സംരക്ഷിച്ചുപോരികയും ചെയ്തിട്ടുള്ളത്. പ്രാദേശികമായ ആ ഉൽസാഹം കൂടുതൽ കൂടുതൽ വർദ്ധിച്ചുവരുന്ന ഈ കാലഘട്ടത്തിൽ, ഇതുവരെ കടന്നിട്ടില്ലാത്ത ഒരു മേഖലയിലേക്ക് ഗവൺമെന്റു കടക്കണമെന്നുദ്ദേശിക്കുന്നില്ല.